# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5261 — 02.07.2013-ലെ മറുപടിക്ക്

## ചെറുകിട വ്യാപാര മേഖലയിൽ വിദേശനിക്ഷേപം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. ബാബു. എം. പാലിശ്ശേരി

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം അനുവദിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ തീരുമാനം കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയേയും ചെറുകിട കച്ചവടക്കാരെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; | ഇത് സംബന്ധിച്ച് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ലെങ്കിലും കേന്ദ്ര തീരുമാനം സംസ്ഥാനത്ത് നടപ്പിലാക്കുകയാണെങ്കിൽ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ പൂട്ടാനിടയാക്കുമെന്നും, ചെറുകിട വ്യാപാര മേഖലയിലൂടെ കടന്നു വരുന്ന കുത്തക കമ്പനികൾ സ്വദേശി ഉത്പാദക സംരംഭകരെ തകർക്കുമെന്നും ഈ മേഖലയിൽ നിന്ന് നിലവിൽ സ്വദേശി ചില്ലറ സ്ഥാപനങ്ങൾ കൈവരിച്ചുവരുന്ന ലാഭം പുതുതായി വരുന്ന വിദേശ കുത്തക സ്ഥാപനങ്ങൾ കൈയടക്കുമെന്നും, സമ്പത്ത് രാജ്യത്തിന്റെ പുറത്തേയ്ക്ക് കൊണ്ടുപോകുമെന്നുമുള്ള ആശങ്ക ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ചില്ലറ മേഖലയിലെ നിക്ഷേപം രാജ്യത്തിന്റെ കറന്റ് അക്കൗണ്ട് കമ്മി കുറയ്ക്കുമെന്നും, ഗുണമേന്മയും വൈവിദ്ധ്യവുമുള്ള ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുമെന്നും, കെട്ടിട നിർമ്മാണം, റോഡുകൾ, ശീതീകരിച്ച സംഭരണകേന്ദ്രങ്ങൾ, സോഫ്റ്റ്‌വെയർ വ്യവസായം എന്നീ മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം ആവശ്യമായി വരുമെന്നതിനാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നുമുള്ള എതിർ വാദവുമുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | |
| (സി) | കേന്ദ്ര സർക്കാരിന്റെ ഈ നയം മൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുമെന്ന് ധനകാര്യ വിദഗ്ദ്ധർ വിലയിരുത്തിയിട്ടുണ്ടോ ; | |
| (ഡി) | സംസ്ഥാനങ്ങൾക്ക് അവരുടെ ഇഷ്ടാനുസരണം ഈ തീരുമാനം നടപ്പിലാക്കാനോ നടപ്പാക്കാതിരിക്കാനോ ഉള്ള അവകാശം ഉണ്ടെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | ചെറുകിട മേഖലയിൽ വിദേശ നിക്ഷപം അനുവദിക്കുന്ന വിഷയത്തിൽ വിവിധ രാഷ്ട്രീയ കക്ഷികൾക്കിടയിലും സംസ്ഥാനങ്ങൾക്കിടയിലും അഭിപ്രായ സമന്വയം രൂപപ്പെടുത്താൻ കഴിയാത്തതിനെ തുടർന്നാണ് തീരുമാനം സംസ്ഥാനങ്ങൾക്ക് വിട്ടതെന്ന് വിലയിരുത്തപ്പെടുന്നു. |
| (ഇ) | എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായമെന്താണെന്ന് വ്യക്തമാക്കുമോ ? | വിവിധ രാഷ്ട്രീയ കക്ഷികളുമായും ചെറുകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്നവരുമായും ചർച്ച നടത്തി അഭിപ്രായ സമന്വയത്തിലെത്തിയശേഷം തീരുമാനം കൈക്കൊള്ളുന്നതായിരിക്കും ഉചിതമെന്ന് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ